## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 244

20.03.2015 – ൽ മറുപടിയ്ക്ക്

## കയർ മേഖല

| ചോദ്യം<br><br>ശ്രീ.റ്റി.യു.കുരുവിള<br>,, തോമസ് ഉണ്ണിയാടൻ<br>,, മോൻസ് ജോസഫ്<br>,, സി.എഫ്.തോമസ് | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി |
|---|---|
| എ) കയർ കേരളയിലൂടെ കയർ ഉൽപന്നങ്ങൾക്ക് കയറ്റുമതി സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ; | എ) കയറുല്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് വിദേശ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളെ കയർ കേരളയിൽ പങ്കെടുപ്പിച്ചു വരുന്നു. കയർ കേരളയോടനുബന്ധിച്ച് ഉല്പാദകരേയും വ്യാപാരികളേയും പങ്കെടുപ്പിച്ചുകൊണ്ട് ബയർ സെല്ലർ മീറ്റിംഗുകൾ നടത്തപ്പെടുന്നു. കയർ മേഖലയിലെ നൂതന ഉല്പന്നങ്ങളും കയർ മെഷീനറികളും, സാങ്കേതിക വിദ്യയും കയറ്റുമതിക്കാർക്കും ബയറിനും പ രിചയപ്പെടുത്തുന്നതിനായി ദേശീയ/അന്തർദ്ദേശീയ സെമിനാറുകളും മേളയോടനുബന്ധിച്ച് നടത്തുന്നു. |
| ബി) കയർ തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | ബി) കയർ വ്യവസായ മേഖലയിലേയും കയർ തൊഴിലാളികളുടേയും പ്രശ്നങ്ങൾ പ രിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കയർ മേഖലയിൽ നിലനിന്നിരുന്ന അനാകർഷകമായ കൂലിയിലുള്ള പ്രശ്നം പ രിഹരിക്കുന്നതിന്റെ ഭാഗമായി കയർപിരി |

| | |
|---|---|
| | മേഖലയിലെയും ഉല്പന്ന മേഖലയിലെയും കുറഞ്ഞ കൂലി ആനുപാതികമായി വർദ്ധിപ്പിച്ചിട്ടുണ്ട്. കയർപിരി, ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു. കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പദ്ധതി പ്രകാരം ഏതാണ്ടെല്ലാ സംഘങ്ങൾക്കും പ്രവർത്തന മൂലധനം വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. കയർ സഹകരണ സംഘങ്ങളിലെ തൊഴിലാളികൾക്കു കൂടി പ്രയോജനം ലഭിക്കുംവിധം സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായും ധന സഹായം നൽകി വരുന്നു. കൂടാതെ, ചകിരി ഉല്പാദക സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കയർ തൊഴിലാളികൾക്ക് കൂടുതൽ തൊഴിലും കൂലിയും ഉറപ്പുവരുത്തുന്നതിനും ചകിരി ഉല്പാദനം വർദ്ധിപ്പിക്കുന്ന തിനുമായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് **'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും'** എന്ന ഒരു പുതിയ പദ്ധതിക്കും തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നാളികേര വികസന ബോർഡുമായി ചേർന്നു ഒരു പ്രോജക്ടിനും അംഗീകാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ